ഇറച്ചി വിൽപ്പനശാലയുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തേക്ക് അറവിനായി കൊണ്ടുവരുന്ന മൃഗങ്ങളെ പരിശോധിച്ച് അവയുടെ മാംസം ഭക്ഷ്യയോഗ്യമാണെന്നും രോഗങ്ങൾ ഇല്ലെന്നും ഉറപ്പുവരുത്തേണ്ടത് മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽപ്പെട്ടതാണ്. അനധികൃത അറവുശാലകൾ നിർത്തലാക്കുന്നതിനും വെറ്ററിനറി സർജന്റെ മുദ്ര പതിപ്പിക്കാത്ത മാംസം വിൽക്കുന്നത് തടയുന്നതിനും അത്തരം മാംസം വിൽക്കുന്ന ഇറച്ചി വിൽപ്പനശാലകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## നഗരസഭകളിൽ സൃഷ്ടിക്കപ്പെട്ട അധിക തസ്തികകൾ

306 (3287) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെട്ട അധിക തസ്തികകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അധിക തസ്തികകൾ അനുവദിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) ഇല്ല.

## പാർട്ട്ണർ കേരള നഗരവികസന സംഗമം

307 (3288) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാറലാട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗരവികസന പദ്ധതികൾക്ക് പൊതു - സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്‌വേയിൽ വച്ച് പാർട്ട്ണർ കേരള നഗര വികസന സംഗമം നടത്തിയിരുന്നു.

(ബി) പാർട്ട്ണർ കേരള മീറ്റിൽ ആകെ 90 പ്രോജക്ടുകളാണ് അവതരിപ്പിച്ചത്. പ്രോജക്ട് പ്രൊഫൈലുകളുടെ പവർ പോയിന്റ് അവതരണത്തിലൂടെ മുന്നു ഹാളിലായി അവതരണത്തിൽ പങ്കെടുത്ത നിക്ഷേപകർ മുമ്പാകെ അവതരിപ്പിച്ച പ്രോജക്ടുകൾ വിശദീകരിച്ച പദ്ധതികൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനായി ബന്ധപ്പെട്ട നഗരസഭാ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും നിക്ഷേപകർക്കും വേദി ഒരുക്കി അവസരം നൽകി. വിവിധ മേഖലകളിലുള്ള പദ്ധതികൾക്കനുസരിച്ച് സാങ്കേതിക വിവരം ചർച്ച ചെയ്യുന്നതിന് ശുചിത്വ മിഷൻ ഉദ്യോഗസ്ഥരെയും ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്, പ്രോജക്ട് ഡയറക്ടർ കെ.എസ്.യു.ഡി.പി., ചീഫ് ടൗൺ പ്ലാനർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ നിക്ഷേപകരുടെ ആശയനിവാരണത്തിനായി അവസരമൊരുക്കി.

(സി) സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കൺവെൻഷൻ സെന്റർ, മൾട്ടിപ്ലക്സ്, സിനിമാഹാൾ, അമ്യൂസ്മെന്റ് പാർട്ട്, ഫ്ലൈ ഓവർ ബ്രിഡ്ജ്, പാർക്കിംഗ് മാർക്കറ്റ്, ബസ് ടെർമിനൽ, കംഫർട്ട് സ്റ്റേഷൻ, പാർക്ക് നഗരവൽക്കരണം, സ്ട്രീറ്റ് ലൈറ്റ്, ഹോർഡിംഗ്സ് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് പാർട്ട്ണർ കേരളയിൽ അവതരിപ്പിച്ചിട്ടുള്ളത്.

**നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം**

308 (3289) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക്, പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly